Reg. No. 591/97

# Reaching Out

Quarterly issue of
PAIN AND PALLIATIVE CARE SOCIETY, THRISSUR
Vol. 6 | Issue: 12 | March 2013



With best compliments...




SRI VARI
AUTO MOTIVES

KARUNAKARAN NAMBIAR ROAD, THRISSUR




Painting:
Van Gogh’s Sunflowers


PAIN AND PALLIATIVE CARE SOCIETY
Reg. No. 591/97

# Reaching Out

Quarterly Issue of
Pain and Palliative Care Society, Thrissur
Vol. 6 | Issue: 12 | March 2013

Reg. No. 591/97
Old District Hospital Building,
Thrissur-680 001

Regd. Office: “Manjith”
Chembukkavu, Thrissur-680 020
www.painandpalliativecarethrissur.org
ph: 0487 2322128
E-mail: ppcs.thrissur@gmail.com

Published
Pain and Palliative Care Society
Thrissur

Editor
Dr. Kumudam Unni

Layout
Noushad Kathiyalam

Printed at
Vega Printers
Mathilakam/9645593084


# Editorial

## ഭൂമി, ജലം, അഗ്നി, വായു

ബുദ്ധന്റെ ഏറ്റവും വിശ്വസ്തരായ ശിഷ്യരിൽ ഒരാളായിരുന്നു ശാരി പുത്രൻ. അതുകൊണ്ട് തന്നെ അദ്ദേഹം ഏറെ തെറ്റിദ്ധാരണയ്ക്കും അസൂയയ്ക്കും പാത്രമായിരുന്നു. ബുദ്ധന് പൂർണ്ണ വിശ്വാസമുള്ള ആളാണ് ശാരിപുത്രൻ. അദ്ദേഹം ധർമ്മ പരായണനാണ്. സംഘത്തിന്റെ യോഗ്യനായ അഗ്രജൻ. അദ്ദേഹത്തിന്റെ അഗാധമായ ഉൾക്കാഴ്ച സംഘത്തെ നയിക്കുന്നതിൽ ബുദ്ധന് സഹായകരമായിരുന്നു.

ഒരിക്കൽ, ശാരിപുത്രന്റെ നേരെ ചില ആരോപണങ്ങളുയർന്നു. ബുദ്ധൻ ശാരിപുത്രനെ ഭിക്ഷുസദസ്സിലേക്ക് വിളിപ്പിച്ചു. ആരോപണങ്ങൾക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ടു. ശാരിപുത്രൻ എണീറ്റുനിന്നു. കൈകൾ കൂപ്പി. ബുദ്ധനെയും സദസ്സിനെയും വണങ്ങി . അദ്ദേഹം പറഞ്ഞു: ഗുരുനാഥാ, ഭൂമിയെപ്പോലെയായിരിക്കുവാനാണ് ഞാൻ കൂടുതലായും പരിശീലിച്ചിട്ടുള്ളത്. വിശാലവും തുറന്നതുമാണ് ഭൂമി. പൂക്കൾ, വാസനതൈലങ്ങൾ, ശുദ്ധമായ പാൽ എന്നിങ്ങനെ പരിശുദ്ധവും സുഗന്ധമുള്ളതുമായ വസ്തുക്കൾ ഭൂമിയിൽ ഇട്ടെന്നിരിക്കട്ടെ. അല്ലെങ്കിൽ, മലം മൂത്രം ചോര കഫം തുപ്പൽ തുടങ്ങി മലിനവും ദുർഗ്ഗന്ധപൂരിതവുമായവ ഭൂമിയിൽ എറിഞ്ഞെന്നിരിക്കട്ടെ. ഭൂമി, അതെല്ലാം ഒരുപോലെ, ലോഭമോ അവജ്ഞയോ ഇല്ലാതെ സ്വീകരിക്കുന്നു.

ഗുരുനാഥാ, ഞാൻ കൂടുതലായും ജലത്തെപ്പോലെ ആയിരിക്കുവാനാണ് പരിശീലിക്കുന്നത്. ഒരുവൻ സുഗന്ധദ്രവ്യങ്ങളോ, കെട്ടവസ്തുക്കളോ വെള്ളത്തിലൊഴിച്ചെന്നിരിക്കട്ടെ. അവ രണ്ടും ലോഭമോ വെറുപ്പോ കൂടാതെ ജലം സ്വീകരിക്കുന്നു. ജലം എപ്പോഴും ഒഴുകികൊണ്ടിരിക്കുന്നതാണ്. സ്വയം രൂപാന്തരപ്പെടാനും ശുദ്ധീകരിക്കുവാനും ജലത്തിനു കഴിയും.

ഗുരുനാഥാ, ഞാൻ കൂടുതലായും അഗ്നിയെപ്പോലെയായിരിക്കുവാനാണ് പരിശീലിക്കുന്നത്. സുന്ദരവും മലിനവുമായ എല്ലാറ്റിനെയും ലോഭമോ വെറുപ്പോ ഇല്ലാതെ അഗ്നി എരിയ്ക്കുന്നു. ശുദ്ധീകരിക്കാനും രൂപാന്തരപ്പെടാനുമുള്ള കഴിവ് അഗ്നിയ്ക്കുണ്ട്. ഞാൻ, കൂടുതലായും വായുവിനെപ്പോലെയായിരിക്കുവാനാണ് പരിശീലിക്കുന്നത്. അവജ്ഞയോ ലോഭമോ ഇല്ലാതെ നല്ലതും കെട്ടതുമായ എല്ലാഗന്ധങ്ങളേയും വായു വഹിക്കുന്നു.

ബുദ്ധൻ മന്ദഹസിച്ചു.

(കടപ്പാട്: തിച്ച്നാത്ഹാന്റെ പഴയ പാത വെളുത്ത മേഘങ്ങൾ: അദ്ധ്യായം: 62)



> ഓരോ മനുഷ്യന്റെയും യുക്തിസഹമായ ഏക ചുമതല തങ്ങൾക്ക് അനുവദിക്കപ്പെട്ട കൊല്ലങ്ങളും മാസങ്ങളും മണിക്കൂറുകളും  മിനുട്ടുകളും ഐക്യത്തിലും സ്നേഹത്തിലും ചെലവഴിക്കുക എന്നതാണെന്ന് മനുഷ്യർ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. രോഗം മനുഷ്യനെ വിഭജിക്കുന്നതിനു പകരം പരസ്പര സ്നേഹ സഹവർത്തിത്വത്തിനുള്ള അവസരം നല്കണമെന്ന് അവർ മനസ്സിലാക്കാനാരംഭിച്ചിരിക്കുന്നു.

# ജോലിയും മരണവും രോഗവും

*ടോൾസ്റ്റോയിയുടെ*
*നീതിസാരകഥകളിൽ നിന്ന്*

ലിയോ ടോൾസ്റ്റോയി/വിവ: എൻ. മൂസക്കുട്ടി

തെക്കേ അമേരിക്കൻ ഇന്ത്യക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള ഒരു ഐതിഹ്യമാണത്.

ജോലി ചെയ്യേണ്ട ആവശ്യമില്ലാത്ത വിധത്തിലാണ് മനുഷ്യരെ ആദ്യം ദൈവം സൃഷ്ടിച്ചതെന്ന് പറയപ്പെടുന്നു. വീടോ വസ്ത്രമോ ഭക്ഷണമോ മനുഷ്യർക്ക് ആവശ്യമില്ലായിരുന്നു. നൂറു വയസ്സുവരെ അവർ ജീവിച്ചു. രോഗമെന്തെന്ന് അവർ അറിഞ്ഞില്ല.

കുറച്ച് കാലങ്ങൾക്കുശേഷം, ജനങ്ങൾ എങ്ങനെയാണ് ജീവിക്കുന്നതെന്നറിയാൻ ദൈവം ഭൂമിയിലേക്ക് നോക്കി. ജീവിതത്തിൽ സന്തോഷത്തോടെ ഇരിക്കുന്നതിനുപകരം അവർ പരസ്പരം കലഹിക്കുന്നതാണ് ദൈവം കണ്ടത്. ഓരോരുത്തർക്കും അവനവനിൽ മാത്രമാണ് ശ്രദ്ധ. ജീവിതം ആസ്വദിക്കുന്നതിനുപകരം അതിനെ ശപിക്കുന്നതുവരെ കാര്യങ്ങൾ ചെന്നെത്തി.

ഇതുകണ്ടപ്പോൾ ദൈവം സ്വയം പറഞ്ഞു. ഇങ്ങനെ സംഭവിക്കുന്നത് അവർ വെവ്വേറെ ഓരോരുത്തർക്കുവേണ്ടി ജീവിക്കുന്നതുകൊണ്ടാണ്. ഈ അവസ്ഥ മാറ്റാൻ, ജോലി ചെയ്യാതെ ജീവിക്കുക ജനങ്ങൾക്ക് അസാധ്യമാകുംവിധം ദൈവം കാര്യങ്ങൾ ക്രമീകരിച്ചു. തണുപ്പും വിശപ്പുംമൂലം കഷ്ടപ്പെടുന്നത് ഒഴിവാക്കാൻ അവർ പാർപ്പിടങ്ങൾ നിർമ്മിക്കാനും നിലം കിളക്കാനും ഫലധാന്യങ്ങൾ വളർത്താനും  ശേഖരിക്കാനും നിർബന്ധിതരായി.

ജോലി അവരെ ഒന്നിപ്പിക്കും, ദൈവം കരുതി. പണിയായുധങ്ങൾ ഉണ്ടാക്കാനും, മരത്തടി ഒരുക്കാനും കൊണ്ടുപോകാനും, വീടുകൾ കെട്ടിപ്പടുക്കാനും, വിതക്കാനും കൊയ്യാനും, നൂൽക്കാനും നെയ്യാനും, വസ്ത്രങ്ങളുണ്ടാക്കാനും ഓരോരുത്തർക്കും തനിച്ചു മാത്രമായി കഴിയില്ല.

കൂടുതൽ ആത്മാർത്ഥമായി അവർ ഒന്നിച്ചു ജോലി ചെയ്യുന്തോറും കൂടുതൽ അവർക്കുണ്ടാവുകയും കൂടുതൽ നന്നായി ജീവിക്കുകയും ചെയ്യുമെന്ന് ഇതവരെ മനസ്സിലാക്കിക്കും. ഇതവരെ കൂട്ടിയി



ണക്കുകയും ചെയ്യും.

കാലം കടന്നുപോയി. മനുഷ്യർ എങ്ങനെയാണ് ജീവിക്കുന്നതെന്നും അവർ സന്തുഷ്ടരാണോ എന്നും അറിയാൻ ദൈവം വീണ്ടും ഭൂമിയിൽ വന്നു നോക്കി.

പക്ഷേ, അവർ മുമ്പത്തേക്കാളേറെ വഷളായ രീതിയിൽ ജീവിക്കുന്നതാണ് ദൈവം കണ്ടത്. നിർവ്വാഹമില്ലാതിരുന്നതുമൂലം അവർ ഒന്നിച്ചു പ്രവർത്തിച്ചു. എന്നാൽ കൊച്ചുവിഭാഗങ്ങളായി മുറിഞ്ഞതുമൂലം എല്ലാവരും ഒറ്റക്കെട്ടായി ഒത്തുചേർന്നില്ല. ഓരോ വിഭാഗവും ജോലി മറ്റു വിഭാഗങ്ങളിൽനിന്നു തട്ടിപ്പറിച്ചെടുക്കാൻ ശ്രമിച്ചു. അവർ തമ്മിൽ തമ്മിൽ തടസ്സങ്ങളുണ്ടാക്കി. പോരാട്ടങ്ങളിൽ സമയവും ശക്തിയും ദുർവ്യയം ചെയ്തു. ഇതിന്റെ

ഫലമായി എല്ലാവരുടെ കാര്യങ്ങളും മോശമായി.

അവസ്ഥ അത്ര പന്തിയല്ലെന്നു കണ്ട് ദൈവം പുതിയൊരു തീരുമാനത്തിലെത്തി: മനുഷ്യൻ തന്റെ മരണസമയം അറിയാൻ പാടില്ല. എന്നാൽ ഏതുനിമിഷവും മരിക്കുകയും ചെയ്യാം. ഈ തീരുമാനം ദൈവം മനുഷ്യരെ അറിയിച്ചു.

തങ്ങൾ ഏതു നിമിഷവും മരിച്ചേക്കാമെന്ന് മനുഷ്യർ മനസ്സിലാക്കുമ്പോൾ അവർക്ക് അനുവദിച്ച ഹ്രസ്വമായ ജീവിതകാലയളവ് അവർ പാഴാക്കിക്കളയില്ലെന്ന് ദൈവം കരുതി.



പക്ഷേ നേരെ മറിച്ചാണ് സംഭവിച്ചത്. ജനം എങ്ങനെയാണ് ജീവിക്കുന്നതെന്നു കാണാൻ ദൈവം ഭൂമിയിൽ തിരിച്ചെത്തിയപ്പോൾ, അവരുടെ ജീവിതം പഴയതുപോലെത്തന്നെ മോശമാ ണെന്നു കണ്ടു.

മനുഷ്യൻ ഏതു സമയവും മരിച്ചേക്കാമെന്ന വസ്തുത മുതലെടുത്തുകൊണ്ട്, ഏറ്റവും ശക്തരായവർ ദുർബ്ബലരെ കീഴ്പ്പെടുത്തി. ചിലരെ കൊല്ലുകയും മറ്റുചിലരെ കൊല്ലുമെന്നു ഭീക്ഷണിപ്പെടുത്തുകയും ചെയ്തു. അതിശക്തരും അവരുടെ പിൻഗാമികളും ജോലി ചെയ്യാത്ത സ്ഥിതി വന്നു. അലസതയുടെ മടുപ്പ് അവർ അനുഭവിച്ചു. കഴിവിനുമപ്പുറം ജോലി ചെയ്യേണ്ടിവന്ന ദുർബ്ബലർക്ക് വിശ്രമമില്ലാതായി. ഓരോ വിഭാഗത്തിലും പെട്ടവർ മറ്റേയാളെ ഭയപ്പെടുകയും വെറുക്കുകയും ചെയ്തു. അങ്ങനെ മനുഷ്യജീവിതം കൂടുതൽ ദുഖകരമായിത്തീർന്നു.

ഇതെല്ലാം കണ്ട് നിരാശനായ ദൈവം കാര്യങ്ങൾ ശരിയാക്കാൻ വേണ്ടി അവസാനകൈ പ്രയോഗിക്കാൻ തീരുമാനിച്ചു. ദൈവം മനുഷ്യർക്കിടയിൽ എല്ലാതരം രോഗങ്ങളെയും പറഞ്ഞയച്ചു. എല്ലാവരും രോഗബാധിതരാകുമ്പോൾ രോഗമില്ലാത്തവർക്ക് രോഗികളോട് സഹതാപം ഉണ്ടാകുമെന്നും അവരെ സഹായിക്കണമെന്നു തോന്നുമെന്നും ദൈവം ചിന്തിച്ചു.

ഇത്രയും ഏർപ്പാടു ചെയ്ത് ദൈവം തന്റെ ആസ്ഥാനത്തേക്കു തിരിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ മനുഷ്യർ എങ്ങനെയാണ് ജീവിക്കുന്നതെന്നറിയാൻ ദൈവം ഭൂമിയിൽ തിരിച്ചെത്തി. രോഗത്തിനു വിധേയരായിക്കഴിഞ്ഞിട്ടും അവരുടെ ജീവിതം മുമ്പത്തേക്കാൾ വഷളായെന്ന് ദൈവം കണ്ടു. ദൈവത്തിന്റെ കണക്കുകൂട്ടലിൽ മനുഷ്യരെ കൂട്ടിയിണക്കേണ്ടിയിരുന്ന രോഗം അവരെ മുമ്പത്തേക്കാളേറെ വിഭജിക്കുകയാണു ചെയ്തത്. മറ്റുള്ളവരെ ജോലി ചെയ്യിപ്പിക്കാൻ തക്ക കരുത്തരായവർ തങ്ങൾക്കു രോഗം വരുമ്പോൾ തങ്ങളെ സേവിക്കാൻ അവരെ നിർബന്ധിച്ചു. എന്നാൽ രോഗികളായ മറ്റുള്ളവരെ തിരികെ സേവിച്ചതുമില്ല. മറ്റുള്ളവർക്കുവേണ്ടി ജോലി ചെയ്യാനും അവരെ രോഗാവസ്ഥയിൽ സേവിക്കാനും നിർബന്ധിതരായവർ ജോലി ചെയ്ത് അവശരായി. അതിനാൽ അവർക്ക് സ്വന്തം രോഗം ഭേദമാക്കാൻ സമയം ലഭിച്ചില്ല. രോഗികളുമായുള്ള സമ്പർക്കം സമ്പന്നരുടെ സുഖജീവിതത്തെ അലോസരപ്പെടുത്തുമെന്നു കരുതി, രോഗികളെ ഒഴിഞ്ഞ സ്ഥലങ്ങളിൽ താമസിപ്പിച്ചു. ഇതിന്റെ ഫലമായി പാവപ്പെട്ട രോഗികൾ കഷ്ടപ്പെടുകയും മരിക്കുകയും ചെയ്തു. എല്ലാറ്റിലുമുപരി, പല രോഗങ്ങളെയും പകർച്ചവ്യാധികളായി ജനങ്ങൾ കണക്കാക്കി. രോഗം പിടിപെടുമെന്നു ഭയന്ന് രോഗികളെ അവർ ബഹിഷ്കരിച്ചു. രോഗികളെ ചികിത്സിച്ചവരെപ്പോലും അവർ ഒഴിവാക്കി.

അപ്പോൾ ദൈവം സ്വയം പറഞ്ഞു. തങ്ങളുടെ സന്തോഷം എവിടെയാണ് കുടികൊള്ളുന്നതെന്ന് ഈ ഉപാധി കൊണ്ടുപോലും ജനം മനസ്സിലാക്കുന്നില്ലെങ്കിൽ, അവർ കഷ്ടപ്പാടുകൊണ്ട് പാഠം പഠിക്കട്ടെ. അങ്ങനെ ദൈവം മനുഷ്യരെ അവരുടെ പാട്ടിനുവിട്ടു.

സ്വന്തം പാട്ടിനുവിട്ട മനുഷ്യർ കുറെ കഴിഞ്ഞപ്പോൾ മനസ്സിലാക്കി തങ്ങൾക്കു ജീവിതത്തിൽ സന്തോഷം കണ്ടെത്തിയേ മതിയാവൂ എന്ന്. വളരെ വൈകിമാത്രമാണ് അവരിൽ ചിലർ മനസ്സിലാക്കിയത്, ജോലിയെന്നാൽ ഉമ്മാക്കിയോ അടിമപ്പണിയോ അല്ലെന്നും എല്ലാ മനുഷ്യരെയും കൂട്ടിയിണക്കുന്ന പൊതുവായതും സന്തോഷദായകവുമായ തൊഴിലാണെന്നും. മരണം നമ്മെ ഓരോരുത്തരെയും ഭീഷണിപ്പെടുത്തുന്നതിനാൽ, ഓരോ മനുഷ്യന്റെയും യുക്തിസഹമായ ഏക ചുമതല തങ്ങൾക്ക് അനുവദിക്കപ്പെട്ട കൊല്ലങ്ങളും മാസങ്ങളും മണിക്കൂറുകളും മിനുട്ടുകളും ഐക്യത്തിലും സ്നേഹത്തിലും ചെലവഴിക്കുക എന്നതാണെന്ന് മനുഷ്യർ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. രോഗം മനുഷ്യനെ വിഭജിക്കുന്നതിനുപകരം പരസ്പര സ്നേഹ സഹവർത്തിത്വത്തിനുള്ള അവസരം നല്കണമെന്ന് അവർ മനസ്സിലാക്കാനാരംഭിച്ചിരിക്കുന്നു.

*മക്കളൊന്നും ഇല്ലാതെ ഒറ്റപ്പെട്ടു പോയ സ്ത്രീയുടെ വാക്കുകൾക്ക് എന്ത് വില. സ്ത്രീ സമത്വം, സ്ത്രീയ്ക്ക് സ്വാതന്ത്ര്യം എന്നെല്ലാം പറയുന്നത് വെറും മിഥ്യ -*



# സ്ത്രീ സമത്വം – വെറും മിഥ്യ

എം. രാധ

**അ**ന്നൊരു ചൊവ്വാഴ്ച പതിവുപോലെ കാലത്ത് ഡ്യൂട്ടിയ്ക്ക് വന്നു. താഴെ എത്തിയപ്പോൾ മുകളിൽ നിന്നും കരച്ചിൽ കേട്ടു. ഒരു മദ്ധ്യവയസ്ക അവശനിലയിൽ ഉണ്ടായിരുന്നു. അവർ യമലോകത്തേ യ്ക്ക് പോയോ എന്ന് തോന്നി. അത് വാസ്തവമായി. 4 ദിവസമായി ആ ചേച്ചി വളരെ അവശനിലയിലായിരുന്നു. എത്രതന്നെ അവശനിലയിലായാലും, എത്രതന്നെ ബുദ്ധിമുട്ടിയാലും മരണം ആസന്നമാകുമ്പോൾ, എല്ലാവരിൽ നിന്നും വിട്ടുപോകുന്ന ആ സമയം ആർക്കും സഹിക്കാനാവുകയില്ല. ജനിച്ചാൽ മരണം ഉറപ്പാണ് എന്നൊക്കെ എല്ലാവരുടേയും മനസ്സിലുണ്ടെങ്കിലും ആ വേർപാട് കാണുവാൻ വളരെ ബുദ്ധിമുട്ടാണ്. ദിവസം തുടങ്ങിയതുതന്നെ മനസ്സിൽ ഒരു ഭാരവുമായിട്ടായിരുന്നു.

ഏകദേശം 10 മണിക്കുതന്നെ ഒരു അഡ്മിഷൻ വന്നു. ദീർഘകായനായ ഒരു 56 വയസ്സുകാരൻ. മൾട്ടിപ്പിൾ മൈലോമ എന്ന അസുഖമാണ്. വായിൽ നിന്നും രക്തം വരുന്നുണ്ട്. അർദ്ധബോധാവസ്ഥയിലാണ്. കൂടെ ഭാര്യ, ഭാര്യാസഹോദരൻ, 2 സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഡോക്ടർ പരിശോധിച്ച് രക്തം കൊടുക്കണമെന്ന് പറഞ്ഞു. എന്നാൽ രക്തം വാങ്ങാൻ സമയത്ത് കൂടെ വന്നവരെല്ലാം തിരിച്ചു പോയിരുന്നു. ആ സ്ത്രീ തന്നെ പോകണം. സഹായിക്കുവാൻ ആരുമില്ലേ എന്ന് ചോദിച്ചപ്പോൾ പൊട്ടിക്കരച്ചിലായിരുന്നു ഉത്തരം. ഒന്നും ചോദിച്ചില്ല. പോയി രക്തം വാങ്ങിച്ചോളൂ ഞങ്ങൾ നോക്കിക്കോളാം, ആരും ഇല്ല എന്ന ദു:ഖം വേണ്ട, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞങ്ങളോട് പറഞ്ഞോളൂ എന്നെല്ലാം പറഞ്ഞ് ആശ്വസിപ്പിച്ചു. അവർ പോയി രക്തം വാങ്ങി വന്നു.

എല്ലാം ഒന്ന് ശാന്തമായപ്പോൾ അവരോട് സംസാരിച്ചു. അദ്ദേഹത്തിന്റെ അച്ഛനും അമ്മയ്ക്കും 11 മക്കളാണ്. ബിൽഡിങ്ങ് കോൺട്രാക്ടറാണ്. പേര് സെബാസ്റ്റ്യൻ. അവർ ടീച്ചറായിരുന്നു. നാലര വർഷമായി അസുഖം തുടങ്ങിയിട്ട്. കുറേ അധികം ചികിത്സ നടത്തി. ആർസിസി തിരുവനന്തപുരത്തുനിന്നും ഇനി പാലിയേറ്റീവ് കെയറിൽ പോയാൽ മതിയെന്ന് പറഞ്ഞ് അയച്ചതാണ്. അബോധാവസ്ഥ, മൾട്ടിപ്പിൾ ഹെമോർഹാജിക് സ്പോട്ട്, ബോഡി അൾസർ, ലെഫ്റ്റ് ലെഗ്, ബ്ളീഡിങ്ങ് ഫ്രം ഗം ഇതായിരുന്നു അവസ്ഥ. 30/8/12 ൽ ഒരു കീമോ എടുത്തിട്ടുണ്ട് എന്ന് ആ ചേച്ചി പറഞ്ഞു. പിറ്റേദിവസം വിളിക്കുമ്പോൾ അദ്ദേഹം മയക്കത്തോടുകൂടി വിളികേട്ടു തുടങ്ങി. ആ സ്ത്രീ തനിച്ചല്ലേ എന്തെങ്കിലും സംഭവിച്ചാൽ അവർ തനിയെ എന്തുചെയ്യും എന്ന വിഷമം ഞങ്ങൾക്കായിരുന്നു.

ഒരു കൂട്ടുകാരൻ അദ്ദേഹത്തെ കാണാൻ വന്നു, വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ സുകുമാരന്റെ ഫോൺ നമ്പർ തന്നു.



ഞങ്ങൾ ആരെങ്കിലും ആ മുറിയിൽ എപ്പോഴും കാണും. അവരുമായി സംസാരിക്കും. കുടുംബത്തിലെ മൂത്തമകനായിരുന്ന സെബാസ്റ്റ്യൻ വളരെ കണിശക്കാരനായിരുന്നു. സഹോദരങ്ങളുടെ പഠന കാര്യത്തിലും മറ്റും വളരെ ശ്രദ്ധാലുവായിരുന്നു. കുറേനാൾ ബോംബെയിൽ ആയിരുന്നു. നേരത്തെ കുളി, ഷേവ് ചെയ്ത് വൃത്തിയായി വസ്ത്രം ധരിക്കുക എന്നീ കാര്യങ്ങളിൽ കൃത്യനിഷ്ഠ പാലിച്ചിരുന്ന ആളായിരുന്നു. അതറിയാവുന്നതുകൊണ്ട് എന്നും ഭാര്യ ഈ വക കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നു. ഷേവുചെയ്യാതെ, ഷർട്ടിടാതെ അദ്ദേഹത്തിന്റെ രീതികൾ അവർ അതേപടി തുടരുന്നു. ഈ ദമ്പതിമാർക്ക് കുട്ടികളില്ല എന്നുകൂടി അറിഞ്ഞപ്പോൾ ഞങ്ങൾക്ക് അവരോട് കൂടുതൽ അടുപ്പമായി. യാതൊരു മടുപ്പോ, വിഷമമോ, മുറുമുറുപ്പോ കൂടാതെ പ്രസന്നവദനയായി അവർ സംസാരിക്കുന്നത് കാണുമ്പോൾ ഇങ്ങനെയും ഉണ്ടല്ലോ സ്ത്രീകൾ എന്ന് തോന്നിപ്പോയി. അവർക്ക് ആരോഗ്യവും സമാധാനവും കൊടുക്കണേ എന്ന് പ്രാർത്ഥിച്ചു. അവർ എന്റെ നാട്ടുകാരായിരുന്നു.

സെപ്തംബർ 29ന് ശനിയാഴ്ച അദ്ദേഹത്തിന്റെ നില വളരെ മോശമായി. ഭക്ഷണം ഒന്നും കഴിക്കുന്നില്ല. ഭാര്യയുടെ ഇളയമ്മ വന്നിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ആരേയും കണ്ടില്ല. എന്തെങ്കിലും സംഭവിച്ചാൽ എവിടേക്കാണ് കൊണ്ടുപോകുക എന്ന് ചോദിച്ചു. അത്രയും ചോദിക്കുവാനുള്ള സ്വാതന്ത്ര്യം എനിക്ക് ഉണ്ടായത് ഞാൻ അവരുമായി അടുത്തിരുന്നുകൊണ്ടാണ്. രാത്രിയിൽ എന്തെങ്കിലും സംഭവിച്ചാൽ ഈ സ്ത്രീ തനിയെ എന്തുചെയ്യും എന്ന ഉൽക്കണ്ഠ ഉണ്ടായിരുന്നു. തറവാടിൽ അനിയനും കുടുംബവും ഉണ്ട്. അങ്ങോട്ടു കൊണ്ടുചെല്ലുന്നതിൽ എന്തെങ്കിലും പ്രയാസമുണ്ടോ എന്ന് അദ്ദേഹത്തിന്റെ സഹോദരിയോട് ചോദിച്ചിരുന്നുവത്രെ! എന്താണ് അങ്ങിനെ ചോദിക്കുന്നത് എന്നായിരുന്നു അവരുടെ മറുപടി. തിങ്കളാഴ്ച രാവിലെ മുതൽ സ്ഥിതി വളരെ വളരെ മോശമായി. അവർ അദ്ദേഹത്തിന്റെ അടുത്തിരുന്നു പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ആ കാഴ്ച ഹൃദയഭേദകമായിരുന്നു. ഞങ്ങൾ അവരുടെ അടുത്തുതന്നെ ഉണ്ടായിരുന്നു. 4.20ന് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. അവർ പൊട്ടിക്കരഞ്ഞുകൊണ്ട് ഞാൻ ഒറ്റയ്ക്കായി എന്ന് പറയുന്നുണ്ടായിരുന്നു. ഇനി എല്ലാം അദ്ദേഹത്തിന്റെ ബന്ധുക്കൾ പറയുന്നതുപോലെ നടക്കട്ടെ എന്ന് പറഞ്ഞു. അവർ മാനസികമായി തകർന്ന അവസ്ഥയിലായിരുന്നു. 5 മണിയോടുകൂടി ആംബുലൻസ് വന്നു. അവർ പോയി.

3ന് ബുധനാഴ്ച വിളിച്ച് അവർ നമ്മൾ ചെയ്തുകൊടുത്ത എല്ലാസഹായങ്ങൾക്കും നന്ദി പറഞ്ഞു. പാലിയേറ്റീവ് കെയറിൽ എത്താൻ കഴിഞ്ഞത് അവരുടെ ഭാഗ്യമായി കരുതുന്നു എന്നും പറഞ്ഞു. 5ന് അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടിയുള്ള പ്രാർത്ഥന നടത്തുന്നുണ്ട്, എല്ലാവരും വരണമെന്നും പറഞ്ഞു. കണ്ണൂരിലേയ്ക്ക് തിരിച്ചുപോവുകയാണ്. ഇനി തൃശ്ശൂർ വരുമ്പോൾ തീർച്ചയായും പാലിയേറ്റീവിൽ വരുമെന്നും പറഞ്ഞു. അവരെ സമാധാനിപ്പിക്കാൻ വാക്കുകളില്ലായിരുന്നു. എന്നാലും ആത്മസംയമനം പാലിച്ച് അവരെ ധൈര്യപ്പെടുത്തി. വേഗം ജോലിയിൽ ചേരണമെന്നും പറഞ്ഞു. എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ മടിക്കാതെ പറയണം, നമ്മൾ ഒരേ നാട്ടുകാരല്ലേ എന്ന് പറഞ്ഞ് അവസാനിപ്പിച്ചു.

സെബാസ്റ്റ്യന്റെ ഒരു കൂട്ടുകാരൻ 6 ന് ക്ളിനിക്കിൽ വന്നിരുന്നു. അദ്ദേഹം പറഞ്ഞ കാ ര്യങ്ങൾ ഞങ്ങളെ വിഷമിപ്പിച്ചു. ബോഡി ഇവിടെ നിന്ന് നേരെ ഫ്രീസറിൽ വച്ചിട്ടാണ് വീട്ടിലേക്ക് കൊണ്ടുപോയത്. അവരുടെ സഹോദരങ്ങളുടെ തീരുമാനമായിരുന്നു. ഭാര്യയ്ക്ക് ഒന്നും പറയുവാൻ കഴിയുമായിരുന്നില്ല. വീട്ടിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ അമ്മ എന്റെ മകനെ നീ എവിടെ കളഞ്ഞീട്ടാണ് വന്നത് എന്ന് ചോദിച്ചുവത്രെ! പക്ഷേ ഈ വക കാര്യങ്ങളൊന്നും അവർ എന്നോട് പറഞ്ഞിരുന്നില്ല. പാവം എത്ര സങ്കടപ്പെട്ടു കാണും. മക്കളൊന്നും ഇല്ലാതെ ഒറ്റപ്പെട്ടുപോയ സ്ത്രീയുടെ വാക്കുകൾക്ക് എന്ത് വില. സ്ത്രീ സമത്വം, സ്ത്രീയ്ക്ക് സ്വാതന്ത്ര്യം എന്നെല്ലാം പറയുന്നത് വെറും മിഥ്യ - മരുമകളെ സ്നേഹിക്കുവാൻ, അംഗീകരിക്കുവാൻ വളരെ കുറച്ച് പേർക്കെ കഴിയുന്നുള്ളൂ. ഇത് സ്ത്രീയുടെ ശാപമായിരിക്കാം.





# പാലിയേറ്റീവ് കെയർ സംസ്ഥാന വോളണ്ടിയർ മീറ്റ് 2013 ഒറ്റനോട്ടത്തിൽ

ഡോ. സി. സതീഷ്കുമാർ

പാലിയേറ്റീവ് രംഗത്തുള്ള സന്നദ്ധപ്രവർത്തകരുടെ സംഗമം കോട്ടയം ജില്ലയിലുള്ള പാമ്പാടി ദയറയിൽ വച്ച് ജനുവരി 5, 6 തിയ്യതികളിൽ നടക്കുകയുണ്ടായി; അതിലേയ്ക്ക് ഒരു എത്തിനോട്ടം.

തൃശ്ശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയറിൽ നിന്നും ഡോ. റംല, ഡോ. അജയൻ, രാമകൃഷ്ണേട്ടൻ, ശിവദാസേട്ടൻ, പ്രതിഭ ചേച്ചി, ശശിയേട്ടൻ, ഞാൻ പിന്നെ നമ്മുടെ സാരഥി വിജയനും പങ്കെടുക്കുകയുണ്ടായി. വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും തലേദിവസം രാത്രിയിൽ ഞങ്ങൾ അവിടെ എത്തുകയുണ്ടായി. പ്രകൃതി രമണീയമായ മലമുകളിലെ ഒരു സ്ഥലമാണ് പാമ്പാടി ദയറ. അവിടെ എത്തിപ്പെടുക അത്ര എളുപ്പമുള്ള കാര്യമല്ല. ബസ്സുകൾ ഇല്ലെന്നുതന്നെ പറയാം. ഒരു ബസ് മാത്രമാണ് സർവീസ് നടത്തുന്നത്. ദയറ പള്ളി വക സ്കൂളും, സ്കൂൾ ഓഡിറ്റോറിയവുമായിരുന്നു വേദിയും, പങ്കെടുക്കുന്ന വോളണ്ടിയേഴ്സിന് താമസിയ്ക്കാനുള്ള സ്ഥലവും.

കേരളത്തിൽ പാലിയേറ്റീവ് പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ക്ളിനിക്കുകളിൽ നിന്നും ഉള്ള പങ്കാളിത്തം ഉണ്ടായിരുന്നു. ഒരു ക്ളിനിക്കിൽ നിന്നും 3 പേർ എന്ന് നിജപ്പെടുത്തിയിരുന്നു. എന്നിട്ടും 1200 ഓളം പേർ പങ്കെടുക്കുകയുണ്ടായി. ഈ വർഷത്തെ പ്രത്യേകത  സർക്കാർ മേഖലയിലും, പഞ്ചായത്ത് മേഖലയിലും  പരിചരണത്തിൽ ഏർപ്പെട്ടിരിയ്ക്കുന്ന എല്ലാപേരുടെയും സാന്നിദ്ധ്യമായിരുന്നു. കഴിഞ്ഞ വർഷം വരെ ഇത് എൻ.ജി.ഒ, സി.ബി.ഒ എന്നിവയുടെ ഒത്തുചേരലായിരുന്നു.

2013 ജനുവരി 5 ന് രാവിലെയുള്ള പ്രഭാത ഭക്ഷണത്തിന് ശേഷം  ഔപചാരികമായ ഉദ്ഘാടനത്തോട് കൂടി പ്രോഗ്രാം ആരംഭിക്കുകയായിരുന്നു. തുടക്കം തന്നെ പാലിയേറ്റീവ് കെയറിന്റെ നെടുംതൂണായിട്ടുള്ള ഹോംകെയറിനെ കുറിച്ചായിരുന്നു. പ്രഗത്ഭന്മാരുടെ നേതൃത്വത്തിലുള്ള ചർച്ചയിൽ, അതിന്റെ പ്രസക്തിയെകുറിച്ചും, വളർച്ചയെക്കുറിച്ചും, നിലനില്പിനെക്കുറിച്ചും, വേവലാതികളെക്കുറിച്ചും, ദീർഘമായി തന്നെ പ്രതിപാദിയ്ക്കുകയുണ്ടായി. ഹോംകെയറിൽ നമ്മൾ എന്തുമാത്രം നീതിപൂർവ്വമാണ് പ്രവർത്തിയ്ക്കുന്നത് എന്ന് ചിന്തിയ്ക്കുന്നതിന്റെ ആവശ്യകത വളരെ ശക്തമായി അവതരിപ്പിയ്ക്കുകയുണ്ടായി. അതുപോലെ നിലവിൽ സി.ബി.ഒ തലത്തിലും, പഞ്ചായത്ത് തലത്തിലും, വെവ്വേറെ ക്ളിനിക്കുകൾ തമ്മിലും ഉള്ള മത്സരബുദ്ധിയോടെയുള്ള രോഗീപരിചരണത്തിൽ പാലിക്കേണ്ട ചില മര്യാദകൾ വളരെ കർക്കശമായി ഉണ്ടാവണം എന്നും അതെല്ലാം തന്നെ രോഗിയ്ക്കും കുടുംബത്തിനും ആശ്വാസം കിട്ടുവാൻ തരത്തിലാവണമെന്നുള്ള കാര്യം വിസ്മരിക്കുവാൻ പാടില്ല, ഇതിന് വേണ്ടി പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നും നിർദ്ദേശമുണ്ടായി. അതുപോലെതന്നെ ഹോംകെയറിൽ അടിസ്ഥാനാവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാൻ ശ്രദ്ധിയ്ക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി. കാരണം പലപ്പോഴും നമ്മൾ വിട്ടുപോകുന്ന ഒരു മേഖലയായി മാറി വരുന്നുണ്ടോ എന്ന് ആശങ്ക നിലനില്ക്കുന്നു.

അതുപോലെ ഹോംകെയറിന്റെ ആസൂത്രണ നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയവ കൃത്യമായി ചെയ്താൽ ഉണ്ടാകാവുന്ന മെച്ചം വളരെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതിൽ ഒട്ടുമിക്ക കാര്യങ്ങളും നമ്മൾ ചെയ്യുന്നവയാണ്. പക്ഷെ, ചിലവ നമ്മൾ വിട്ടുപോകുന്നു, അത്തരം കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഹോംകെയർ സംവിധാനം കുറച്ച്  കൂടി നമുക്ക് മെച്ചപ്പെടുത്താവുന്നതാണ് എന്ന് തോന്നുകയുണ്ടായി.

തുടർന്ന് ഉച്ചഭക്ഷണത്തിന് ശേഷം ജില്ലാതല പ്രവർത്തന റിപ്പോർട്ടിങ്ങുകൾ ആയിരുന്നു. ഇതിൽ എന്റെ അഭിപ്രായം നമ്മുടെ ക്ളിനിക്കിൽ നിന്നും കുറച്ച് പേർ കൂടി പങ്കെടുക്കണമെന്നാണ്. കാരണം

മറ്റുള്ള ജില്ലകളിൽ എന്തൊക്കെ പുതിയ കാര്യങ്ങൾ എങ്ങനെയൊക്കെ ചെയ്തുകൊടുക്കുന്നു എന്ന് ഒരു തിരിച്ചറിവ് കിട്ടാൻ പറ്റിയ ഒരു വേദിയാണ്. പങ്കുകൊണ്ടവരിൽ ഒരാൾ നമ്മുടെ ശശിയേട്ടനായിരുന്നു. തൃശ്ശൂർ ജില്ലയുടെ അവതരണം രാമകൃഷ്ണേട്ടൻ വളരെ കൃത്യതയോടെ ചെയ്തു.

വൈകുന്നേരം 5 മണിയ്ക്ക് സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അതുകഴിഞ്ഞ് ഇൻഡ്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയറിന്റെ വാർഷിക ജനറൽ ബോഡി മീറ്റിങ്ങ് ആയിരുന്നു. അത് പ്രതീക്ഷിച്ച മാതിരി അവസാനിപ്പിയ്ക്കുവാൻ ഭാരവാഹികൾക്ക് കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ നേരത്തെ തീരുമാനിച്ചതിൽ നിന്നും വളരെ വൈകി മാത്രമാണ് കലാപരിപാടികൾ അവതരിപ്പിയ്ക്കാനായത്. വൈകിയതിനാൽ, പങ്കാളിത്തം കുറവായിരുന്നില്ലേ എന്ന സംശയവും ബാക്കിയാകുന്നു.

രണ്ടാം ദിവസം രാവിലെ 9 മണിയ്ക്ക് തന്നെ പരിപാടികൾ ആരംഭിയ്ക്കുകയുണ്ടായി. സർക്കാർ തലത്തിലുള്ള പാലിയേറ്റീവ് പരിചരണത്തെകുറിച്ചുള്ള ചർച്ച വളരെ സജീവമായിരുന്നു. കൃത്യം 10 മണിയ്ക്കതന്നെ നമ്മുടെ ബഹു. മുഖ്യമന്ത്രി വേദിയിൽ എത്തുകയും പാലിയം എന്ന ബ്രാന്റ് നെയിമിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തുകയുമുണ്ടായി. കേരളത്തിലെ പാരപ്ളീജിയ രോഗികളുടെ റിഹാബിലിറ്റേഷന്റെ ഭാഗമായി നമ്മൾ ഉണ്ടാക്കുന്ന എല്ലാ ഉല്പന്നത്തിനും ഇനി ഒരു ബ്രാൻഡ് നെയിമിൽ വില്ക്കാനുള്ള സംവിധാനമായി. സദസ്സിലുണ്ടായിരുന്ന രണ്ട് പാരാപ്ളീജിയ പേഷ്യന്റ്സുമായി ചെറിയ ഒരു ചർച്ചയ്ക്കും അവസരമുണ്ടായി. പാരപ്ളീജിയ രോഗികൾക്കായുള്ള റിഹാബിലിറ്റേഷനെ കുറിച്ച് രണ്ടുപേർ നടത്തിയ പ്രസന്റേഷൻ പലർക്കും പുതിയ അറിവിന് ഇടയായി.

തുടർന്ന് പാലിയേറ്റീവ് കെയർ ഇനീഷ്യേറ്റീവ് ഇൻ ക്യാമ്പസ് എന്ന വിഷയത്തിൽ മലപ്പുറത്തുനിന്നുള്ള ഒരു വിദ്യാർത്ഥി വളരെ ഗംഭീരമായി കാര്യങ്ങൾ അവതരിപ്പിയ്ക്കുകയുണ്ടായി. ഇതുവരെ ഉള്ള കാമ്പസ് സംസ്കാരത്തിൽ നിന്നും മാറ്റം ഉണ്ടായി എന്ന അവകാശവുമായാണ് സെഷൻ അവസാനിപ്പിച്ചത്. കാരണം അവർ കാമ്പസ് യൂണിറ്റിൽ കൂടിയാണ് ടോട്ടൽ കെയർ നല്കുന്നത് എന്നുള്ളത് തന്നെയാണ്. അതിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു കാര്യം അയാൾ പറഞ്ഞത് ഇതാണ്. വരും തലമുറയെ കുറിച്ച്, യുവാക്കളെ കുറിച്ചും നിങ്ങൾക്ക് ഒരു പാട് ആകുലതയും ആശങ്കയും ഉണ്ടെന്ന് അറിയാം. പക്ഷെ ഈ മേഖലയിൽ ഏതൊരാശങ്കയുടെയും ആവശ്യമില്ല എന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് ആ കൊച്ചുമിടുക്കൻ അവസാനിപ്പിച്ചത്. ഭാഗ്യവശാൽ ഈ സെഷൻ ചെയർ ചെയ്യാനുള്ള അവസരം എനിയ്ക്ക് കിട്ടുകയുണ്ടായി. അതിൽ ഞാൻ അഭിമാനിക്കുകയും ചെയ്യുന്നു.

ഈ സമ്മേളനത്തിന്റെ അവസാന സെഷൻ ട്രെയിനിങ്ങിൽ കാതലായ മാറ്റങ്ങൾ വേണമോ, എന്നുള്ളതായിരുന്നു. ഡോക്ടർമാരുടെ ട്രെയിനിങ്ങ് പ്രസന്റേഷൻ ഡോ. റംലയാണ് അവതരിപ്പിച്ചത്. നഴ്സുമാരുടെയും, വോളണ്ടിയർമാരുടെയും കാര്യങ്ങൾ പ്രത്യേകമായി ഉണ്ടായിരുന്നു.

ഏകദേശം ഉച്ചയ്ക്ക് 1.30 യോട് കൂടി സമ്മേളനം അവസാനിപ്പിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞ് ദയറയോട് വിടപറഞ്ഞ് പിരിയുകയും ചെയ്തു. സാധാരണയായി ഇത്തരം വേദികൾ വളരെ ഊഷ്മളമായ കൂടിച്ചേരലുകളാണ്. അതുപോലെ ഷെയറിങ്ങ് ഓഫ് ഐഡിയാസ് ആന്റ് ഫീലിങ്ങ്സ് കൂടിയാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന എല്ലാവരുമായും വളരെ ആഴത്തിലുള്ള അടുപ്പമാണുള്ളത്. എല്ലാവരും തന്നെ അടുത്ത പ്രാവശ്യം വീണ്ടും കാണാമെന്ന് പറഞ്ഞ് പിരിയുമ്പോൾ അടങ്ങാത്ത ഒരാവേശം മനസിലേറ്റിയാണ് പിരിയുന്നത്. നിർഭാഗ്യവശാൽ, ഇനി കൊല്ലത്ത് കാണാം അല്ലെങ്കിൽ വയനാടിൽ കാണാം എന്ന് പറഞ്ഞു പിരിയാൻ കഴിയാത്തതിന്റെ ഒരു ദു:ഖം എല്ലാപേരുടെയും മനസിലുണ്ട്. കാരണം അടുത്ത വേദി തീരുമാനമായില്ല.

ഇതിൽ നമുക്ക് അഭിമാനിയ്ക്കാനുള്ള കാര്യം എന്താണെന്നാൽ ഇങ്ങനെ ഒരു സംരഭത്തിന് തുടക്കം കുറിച്ചത് തൃശ്ശൂരിൽ ആണ് എന്നുള്ളതാണ്.

നമ്മുടെ ഡോ. അജയന്റെ വാക്കുകൾ കടം എടുക്കുകയാണെങ്കിൽ ജീവിതം സാർത്ഥകമാകുന്നത് ഇത്തരം കൂട്ടായ്മകളിൽ പങ്കാളി ആകുമ്പോഴാണ്.





# വക്കീലും ഞാനും

തമ്പി കൊള്ളന്നൂർ

ഒന്ന് രണ്ട് മാസങ്ങൾക്ക് മുമ്പ് അയ്യന്തോളിലുള്ള ഒരു വക്കീലിന്റെ സമീപത്ത് എനിക്ക് പോകേണ്ടി വന്നു. വാഹനാപകടത്തിൽ പരിക്ക് പറ്റി കിടക്കുന്ന എന്റെ സഹോദരന് തക്കതായ ഇൻഷുറൻസ് കോംപൻസെഷൻ ലഭിക്കുന്നതിനായുള്ള വ്യവഹാരം ഈ വക്കീലിനെ ഏല്പിച്ചിരുന്നു.

വക്കീലിന്റെ പേർ എഴുതിവെച്ച ബോർഡിന്റെ പിന്നിൽ വലിയൊരു വീടും വിശാലമായ പൂന്തോട്ടവും ആരെയും ആകർഷിക്കുന്ന വിധത്തിൽ കാണപ്പെട്ടു. വീടിന്റെ പുറത്തുള്ള ഒരു ഗോവണി കയറിയാണ് ഓഫീസിലെത്തിയത്. അവിടെ നാലഞ്ചു കുട്ടിവക്കീലന്മാരും കംപ്യൂട്ടറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന മൂന്ന് ഓഫീസ് സ്റ്റാഫും ഉണ്ടായിരുന്നു. വക്കീലുമായി സംസാരിക്കാൻ വരുന്ന കക്ഷികൾക്കിരിക്കാൻ വിശാലമായ മുറിയും കസേരകളും കണ്ടു. ഗ്ലാസ്സുകൊണ്ട് വേർതിരിച്ച ശീതീകരിച്ച മുറിയിലായിരുന്നു വക്കീൽ.

ഊഴം വന്നപ്പോൾ പുഷ് ഡോർ തുറന്ന് ഞാൻ അകത്തുകയറി. ഇരിക്കാനുള്ള അനുവാദം ആംഗ്യം കൊണ്ട് തന്നെ. സഹോദരനുപകരം ചെന്നതിനാൽ എന്നെ ആദ്യം സ്വയം പരിചയപ്പെടുത്തിയശേഷം കേസിനോട് ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചു. ഇൻഷുറൻസ് കോംപൻസേഷനുവേണ്ടിയുള്ള വ്യവഹാരമായതിനാൽ വക്കീലിനുള്ള പ്രതിഫലം കമ്മീഷൻ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ടെന്ന് അറിയാമായിരുന്നു. അതിനാൽ നൂറിന്റെ നോട്ടുകൾ മുന്നിൽ വെക്കേണ്ടി വന്നില്ല.

തിരിച്ചുപോരാൻ ഞാൻ എഴുന്നേറ്റപ്പോൾ വക്കീലിന്റെ ചോദ്യം വന്നു. റിട്ടയർമെന്റിനുശേഷം സാന്ത്വന ചികിത്സാരംഗത്ത് പ്രവർത്തിക്കുകയാണെന്നല്ലെ പറഞ്ഞത്? അതിന് എന്ത് പ്രതിഫലം കിട്ടും?

ഞാൻ പറഞ്ഞു. ഇതൊരു വളണ്ടിയർ സർവ്വീസ് ആണ്. പ്രതിഫലം ആഗ്രഹിച്ചുള്ള പ്രവർത്തനമല്ല. എന്നെപ്പോലെ സേവനം നടത്തുന്ന നൂറ് കണക്കിന് പ്രവർത്തകർ ഈ പ്രസ്ഥാനത്തിലുണ്ട് – ഡോക്ടർമാരായും, നഴ്സുമാരെയും, രോഗികളെ പരിചരിക്കുന്ന വളണ്ടിയർമാരായും മറ്റും.

ങ്ഹാ! വക്കീലിന് ഇതൊന്നും വിശ്വസിക്കാൻ കഴിയുന്നില്ല എന്ന് തോന്നി. നിങ്ങൾക്കൊക്കെ പ്രതിഫലം വാങ്ങിച്ച് ജോലി ചെയ്യാനുള്ള ആരോഗ്യവും കഴിവും ഇപ്പോഴും ഉണ്ടല്ലൊ! പിന്നെന്തിന് ആദായമില്ലാത്ത ജോലിക്ക് ഇറങ്ങിത്തിരിക്കണം? ഒരു തരം അവജ്ഞയും നീരസവും ആയിരുന്നു ആ വാക്കുകളിൽ നിറഞ്ഞ് നിന്നത് എന്ന് തോന്നി. എനിക്ക് കുറച്ച് കടുപ്പിച്ചുകൊണ്ടുതന്നെ മറുപടി പറയണമെന്ന് തോന്നി. ഞാൻ പറഞ്ഞു. ആദായം ഉണ്ടാക്കാൻ മാത്രമായിട്ടാണ് ഈ ജീവിതം എന്ന് എല്ലാവരും വിശ്വസിക്കുന്നില്ല, വക്കീൽ. റിട്ടയർ ചെയ്യുമ്പോൾ കിട്ടുന്ന സാമ്പത്തിക സഹായം കൊണ്ട് ഞാൻ തൃപ്തിപ്പെടുന്നുണ്ട്. അതുകൊണ്ട് ഒഴിവുസമയം മറ്റുള്ളവരുടെ ആശ്വാസത്തിനായി നീക്കിവെച്ച് സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നു.

ഞാൻ തുടർന്നു. ഇത് എന്റെ മാത്രം കാഴ്ചപ്പാടല്ല, വക്കീൽ! ഇത്രയും വലിയ ഒരു പ്രസ്ഥാനം നടത്തിക്കൊണ്ടു പോകാനുള്ള സാമ്പത്തിക സഹായം തരുന്ന വളരെ വലിയ ഒരു വിഭാഗം നമ്മുടെ സമൂഹത്തിലുണ്ട് – വ്യക്തികൾ, സംഘടനകൾ, വ്യവസായ സ്ഥാപനങ്ങൾ, ശമ്പളം വാങ്ങുന്നവർ, ദിവസശമ്പളം കിട്ടുന്ന തൊഴിലാളികൾ എന്നിങ്ങനെ. എന്തിനേറെ, സ്കൂൾ കുട്ടികൾ വരെ ഈ മഹത്തായ കാര്യത്തിലേക്ക് സംഭാവന തരുന്നു.

വക്കീൽ കുറച്ചുനേരം നിശ്ശബ്ദനായി. എന്നിട്ട് കണ്ണിറുക്കികൊണ്ട് ചോദിച്ചു. ഞാൻ കുറച്ചെന്തെങ്കിലും സംഭാവന തന്നാൽ സ്വീകരിക്കുമോ?

തീർച്ചയായും, ഞാൻ പറഞ്ഞു. പക്ഷെ വക്കീൽ ഞങ്ങളുടെ ക്ലിനിക്കിൽ വന്ന് അതിന്റെ പ്രവർത്തനം നേരിൽ കണ്ടതിനുശേഷം മാത്രം മതി. എന്റെ നമ്പറിൽ വിളിച്ചോളൂ. സഹായിക്കാൻ ഞാൻ തയ്യാറാണ്. വക്കീലന്മാർ, തെളിവുകൾ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിശ്വസിപ്പിക്കയും ചെയ്യുന്നവരാണല്ലോ.

ഔപചാരികമായ വിടവാങ്ങൽ നടത്തി ഞാൻ മടങ്ങി.

************

ഇന്ന് ഒരു മാസത്തിനുശേഷം രാവിലെ എന്നെ ഫോണിൽ ഒരാൾ വിളിച്ചു. അത് വക്കീലായിരുന്നു!

എനിക്കുവേണ്ടി താങ്കൾ ഒരു ഉപകാരം ചെയ്യണം. എന്റെ പേരിൽ നാളെത്തന്നെ ആയിരം രൂപ സംഭാവനയായി കൊടുക്കണം.

ഞാൻ പറഞ്ഞു. സ്ഥാപനത്തിൽ വന്ന് പ്രവർത്തനം കണ്ട് വക്കീൽ നേരിട്ട് പണം കൊടുക്കുന്നതാണ് ഉചിതം എന്ന് ഞാൻ പറഞ്ഞിരുന്നുവല്ലൊ.

അത് ശരിയാണ്. വക്കീൽ പറഞ്ഞു. അത് പിന്നെയൊരിക്കലാവാം. എന്റെ ജീവിതത്തിൽ നാളത്തെ ദിവസത്തിന്റെ പ്രത്യേകത കരുതിയാണ് ഇങ്ങിനെ നിർബന്ധിക്കുന്നത്. പണം താങ്കൾക്ക് എത്തിച്ചുതരാം.

അന്നുതന്നെ വക്കീലിന്റെ പേരിൽ ആയിരം രൂപ സംഭാവന കൊടുത്ത് ഞാൻ രസീത് വാങ്ങി. ക്ലിനിക്കിലെ രോഗികൾക്കും കൂടെ നില്ക്കുന്നവർക്കുമുള്ള പിറ്റന്നാളത്തെ ഭക്ഷണം വക്കീലിന്റെ പേരിലായിരിയ്ക്കും എന്ന് അറിയിക്കുകയും ചെയ്തു. പകരം നന്ദി കിട്ടി. അടുത്ത ചോദ്യം ഉടനെ വന്നു. ഈ പണം എങ്ങിനെയാണ് ഞാൻ താങ്കൾക്ക് എത്തിക്കുക.

സഹോദരന്റെ ഇൻഷുറൻസ് നഷ്ട പരിഹാരത്തുക നിശ്ചയിക്കപ്പെടേണ്ടത് വക്കീലിന്റെ വാദമുഖങ്ങളുടെ അടിസ്ഥാനത്തിലാണല്ലൊ. അതിനാൽ ഇത്രമാത്രം പറഞ്ഞു. എന്റെ ഭാഗം ഞാൻ ചെയ്തുകഴിഞ്ഞു. ഇനിയുള്ളത് വക്കീലിന്റേതാണ്!

ഗുണപാഠം: ഒരു സാന്ത്വന പ്രവർത്തകൻ പരീക്ഷിക്കപ്പെടേണ്ടവ നും കൂടെയാണ് എന്നോക്കുക.

# പ്രതീക്ഷ

ടി.സി. രമാദേവി

കുട്ടപ്പൻ ഉറക്കത്തിൽ നിന്ന് ഉണർന്നു. ചുറ്റും ഇരുട്ടാണ്. സൂര്യനുദിക്കാൻ ഇനിയും സമയമുണ്ട്. അയാൾ വീണ്ടും കണ്ണടച്ചുകിടന്നു. പക്ഷെ ഉറങ്ങാൻ കഴിഞ്ഞില്ല. ഒരിക്കൽ ഉണർന്നാൽ പിന്നെ ഇങ്ങനെയാണ് മനസ്സ് കാടുകയറുകയായി. രണ്ടുവർഷങ്ങൾക്ക് മുമ്പ് – ഇപ്പോഴും അതോർക്കുമ്പോൾ ഞെട്ടുന്നു – തെങ്ങിൽ നിന്ന് കാലുതെറ്റി അഗാധതയിലേക്ക്. ഉള്ളിൽ ഒരു ആന്തൽ – അത്രയേ ഓർമയുള്ളൂ. ഓർമ വന്നപ്പോൾ താൻ ആസ്പത്രിയിലാണ്. കണ്ണുമിഴിച്ച് ചുറ്റും നോക്കി. താനെന്താണ് ഇവിടെ?

പതുക്കെപ്പതുക്കെ കഴിഞ്ഞ കാര്യങ്ങളെല്ലാം ഓർമ്മയിൽ വന്നുതുടങ്ങി. അയ്യോ! തനിക്കെന്തുപറ്റി? കാല് – കാലുകൾ അവിടെത്തന്നെയുണ്ട്. പക്ഷെ, പക്ഷെ അവ അനങ്ങുന്നില്ലല്ലോ. അരയ്ക്കുതാഴേയ്ക്ക് ചലനശേഷി നഷ്ടപ്പെട്ടെന്നുള്ള സത്യം അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഉറക്കെ അമ്മേ എന്ന് വിളിച്ച് നിലവിളിക്കാൻ തുടങ്ങിയതും ഡോക്ടർ വന്ന് തന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചതുമൊക്കെ ഇന്നലെ കഴിഞ്ഞതുപോലെ.

അമ്മയുടെയും അച്ഛന്റെയും ഒരേയൊരു മകൻ. വയസ്സായ അവർക്ക് താനായിരുന്നു ഏക ആശ്രയം. പെങ്ങന്മാർ രണ്ടുപേരുടെയും കല്യാണം കഴിഞ്ഞതാണല്ലോ. ഇപ്പോൾ തനിക്ക് എല്ലാറ്റിനും ആശ്രയം വേണം. മുകളിൽനിന്ന് കെട്ടിയിട്ടിട്ടുള്ള കയറിൽ നിടിച്ച് കഷ്ടിച്ച് എഴുന്നേറ്റിരിക്കാം. കൈകൾക്ക് കുഴപ്പമില്ലാത്തതുകൊണ്ട് ഭക്ഷണം കഴിക്കാൻ പ്രയാസമില്ല. അത്രയും ഭാഗ്യം എന്ന് വിചാരിക്കണം. പക്ഷെ തന്നെമാത്രം ആശ്രയിച്ചിരുന്ന കുടുംബം ഇപ്പോൾ അനാഥമാണ്. അച്ഛൻ കഴിഞ്ഞകൊല്ലം മരിച്ചു. പാലിയേറ്റീവ്കാരുടെ ദയകൊണ്ട് അഷ്ടിയ്ക്ക് മുട്ടാതെ കഴിയുന്നു. പാലിയേറ്റീവിനെപ്പറ്റി ഒരു സ്നേഹിതൻ പറഞ്ഞാണറിഞ്ഞത്. അന്നുതന്നെ പെങ്ങളെ വിളിച്ചു വരുത്തി പേര് രജിസ്റ്റർ ചെയ്തു. ക്ലിനിക്കിൽ നിന്ന് ആളുകൾ വന്നുനോക്കി. മരുന്നുകൾ തന്നു. ആശ്വസിപ്പിച്ചു. ഇത്രയും താല്പര്യത്തോടെ, ക്ഷമയോടെ, തന്റെ കദനകഥകൾ വീട്ടുകാർകൂടി കേട്ടിട്ടുണ്ടാവില്ല. ദൈവം തന്റെ അടുത്തേക്കയച്ച മാലാഖമാരാണ് അവരെന്ന് തോന്നി. മനസ്സിന്റെ മരവിപ്പ് ഒട്ടൊക്കെ മാറ്റാൻ അവരുടെ സന്ദർശനങ്ങൾ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്.

ആരൊക്കെ ആശ്വസിപ്പിച്ചാലും സത്യാവസ്ഥ തന്നെ തുറിച്ചുനോക്കുകയാണ്. ഈ കിടപ്പിൽ നിന്ന് മോചനമില്ലെന്നുള്ള വിചാരമാണ് ആളെ വല്ലാതെ തളർത്തുന്നത്. നാളെയും, നാളെയും, നാളെയും – ജീവിതം മുന്നിൽ നീണ്ടുകിടക്കുന്നു.

പക്ഷെ ജീവിച്ചിരിക്കാനുള്ള ആശ എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. തന്റെ ജീവിതത്തിലേക്കുമാത്രം ഇനി സൂര്യരശ്മികൾ എത്തിനോക്കില്ല. അമ്മയ്ക്ക് തന്നെ വിവാഹം കഴിപ്പിക്കാൻ ധൃതിയായിരുന്നു. അത് നടക്കാതിരുന്നത് നന്നായി. അല്ലെങ്കിൽ പാവം, ആ പെൺകുട്ടിക്കും തന്റെകൂടെ കൂടി സ്വന്തം ജീവിതം ഹോമിക്കേണ്ടി വന്നേനെ. അമ്മയ്ക്ക് താങ്ങും തണലുമാകേണ്ട താൻ അമ്മയുടെ കഴുത്തിൽ ഒരു വലിയ ഭാരമായി തൂങ്ങുന്നു.കഷ്ടം. ഈ കിടപ്പ് എത്ര നാൾ തുടരണം? ഭഗവാനേ! അയാൾ ഉള്ളുനൊന്ത് ദൈവത്തെ വിളിച്ചു.

ദൈവം തന്റെ വിളി കേട്ടുവോ? ഇരുട്ടുമങ്ങി ആശയുടെ കിരണങ്ങളുമായി നേരം പുലർന്നുവോ?

ഒരാറുമാസം മുമ്പാണ് എന്ന് തോന്നുന്നു, പാലിയേറ്റീവിൽ ഫിസിയോതെറാപ്പി യൂണിറ്റ് തുടങ്ങിയവിവരം ധരിച്ചത്. തന്നെപ്പോലെ കിടപ്പായ രൊഗികളെ വണ്ടികൊണ്ടുവന്ന് ക്ലിനിക്കിൽ കൊണ്ടുപോയി ചലനശേഷി തിരിച്ചുകിട്ടാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന്! കൂരിരുട്ടത്ത് ഒരു കൈത്തിരിനാളം! താനാകെ കോരിത്തരിച്ചുപോയി. തന്റെ മനസ്സിൽ ഒരു ഉത്സവം കൊടിയേറി.

കാത്തിരുന്ന് ഒരു ദിവസം വണ്ടി തന്റെ വീടിന്റെ മുന്നിൽ വന്നുനിന്നു. രണ്ടുപേർ പിടിച്ച് തന്നെ ഒരു വിധം വണ്ടിയിൽ കയറ്റി. പുറംലോകം കണ്ടിട്ട് എത്ര നാളായി! ഒരു കൊച്ചുകുട്ടിയുടെ ആഹ്ളാദത്തോടെ താൻ ചുറ്റും നോക്കിക്കൊണ്ടിരുന്നു. വണ്ടി ക്ലിനിക്കിൽ എത്തി. അപ്പോഴാണ് മനസ്സിലായത്, തന്നെപ്പോലെ വേറെയും ആളുകൾ വന്നിട്ടുണ്ടെന്ന്. അത് കണ്ടപ്പോൾത്തന്നെ വലിയ ആശ്വാസമായി. ഒറ്റയല്ലൊറ്റയല്ലൊറ്റയല്ല എന്ന തിരിച്ചറിവ് മനസ്സിന് ഉന്മേഷവും ശക്തിയും നല്കി. തന്നെക്കാൾ മുമ്പ് ചികിത്സക്ക് എത്തിയവർ പടിപടിയായി സുഖം പ്രാപിച്ചുവരുന്ന കഥകൾ ആശക്ക് വക നല്കി. പിന്നെ ഫിസിയോതെറാപ്പിസ്റ്റ്, വ്യായാമം. കടുത്ത വേദനയുടെ നടുവിലും ഒരു നല്ല നാളെയുടെ പ്രതീക്ഷ തനിക്ക് എന്തും സഹിക്കാനുള്ള കരുത്ത് നേടിത്തന്നു.

കഴിഞ്ഞ മാസമാണെന്നു തോന്നുന്നു, ഞങ്ങളെപ്പോലെയുള്ളവരുടെ ഒരു സമാഗമം പാലിയേറ്റീവിൽ വച്ച് നടന്നു. ഓരോരുത്തരും അവരവരുടെ വിഷമങ്ങളെക്കുറിച്ച് സംസാരിച്ചു – ഒരു അനുഭവം പങ്കുവെയ്ക്കൽ. വളണ്ടിയർമാരും സ്കൂൾകുട്ടികളും ഞങ്ങൾക്കുവേണ്ടി പാട്ടുകൾ പാടി. നല്ല രസമായിരുന്നു. നേരം പോയതറിഞ്ഞില്ല. അങ്ങനെ മറ്റുള്ളവരെപ്പോലെ ഞങ്ങളും  ജീവിതം ചെറിയ തോതിൽ ആസ്വദിക്കാൻ തുടങ്ങി.

ഇന്ന് ജീവിതത്തിന് ഒരു അർത്ഥമുണ്ട്. നാളെ പുലരുന്നത് തനിയ്ക്കും കൂടിയാണ് എന്ന തോന്നൽ! ആഴ്ചയിലെ ആ മൂന്നുദിവസങ്ങൾക്കുള്ള തയ്യാറെടുക്കലും കാത്തിരിപ്പും! ഓ! ഇത്രയും പ്രതീക്ഷിച്ചതല്ല.

ഇന്നലെ വളരെ സന്തോഷമുള്ള ദിവസമായിരുന്നു. തനിക്ക് വലതുകാൽ നിലത്ത് ഊന്നാൻ കഴിഞ്ഞു! ഇനി ജയിച്ചു.  വീൽചെയറിൽ ഇരുന്ന് സഞ്ചരിക്കാറായവർക്ക് പലതരം ജോലികളും ചെയ്യാൻ കഴിയുമെത്ര. അങ്ങനെ ഒരു ദിവസം തനിക്കും സ്വയം തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നില്ക്കാറാവും തീർച്ച.

Indian Association of Palliative Care



# ഐ.എ.പി.സി അന്തർദേശീയ സമ്മേളനം-2013

കെ.എ.ഇന്ദിര

**ക**ഴിഞ്ഞ കൊല്ലം (2012) കൊൽക്കത്തയിൽ നടന്ന ഐ.എ.പി.സി യുടെ പത്തൊൻപതാം അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുക്കാൻ തൃശ്ശൂരിൽ നിന്നുള്ള പ്രതിനിധികളായി പോകുമ്പോൾ കന്നിക്കാരായ ഞങ്ങളിൽ പലരും നിഷ്ഠാപൂർവ്വമുള്ള കാത്തിരിപ്പ് കാലംകൂട്ടിയ ഉത്സാഹത്തിലായിരുന്നു. സന്നദ്ധപ്രവർത്തകരുടെ വലിയ ഒരു സംഘം, യാത്ര ആകാശ മാർഗ്ഗേനെ. ഇക്കുറി (2013) ബംഗളൂരുവിൽ ഇരുപതാം കോൺഫറൻസിന് പോകാൻ ഇവിടെ നിന്ന് സന്നദ്ധപ്രവർത്തകർ, പ്രത്യേകിച്ചും മെഡിക്കൽ പ്രൊഫഷനുകൾ അല്ലാത്തവർ, നന്നേ കുറവ്. യാത്ര തീവണ്ടിയിൽ; രാത്രിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ. പോകുന്നതിന് തലേദിവസം തീവണ്ടിയിലെ റിസർവേഷൻ പട്ടിക നോക്കിയപ്പോഴാണ് പരിഭ്രമമായത്. അങ്ങേങ്ങാട്ടുമിങ്ങോട്ടും അപ്പർ ബേർത്ത്. പക്ഷേ യാത്രയിൽ തക്കസമയത്ത് പ്രെഫസർ ഗോകുൽദാസും, ഡോ. ദിവാകരനും പരോപകാരികളായി അവതരിച്ച് താഴത്തെ കിടപ്പിടം കൈമാറിത്തന്ന് രക്ഷിച്ചു.

ബംഗളൂർ നിംഹാൻസിന്റെ കൺവെൻഷൻ സെന്ററിൽ കിദ്വായ് മെമ്മോറിയൽ ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആതിഥ്യത്തിൽ ഫെബ്രുവരി എട്ടുമുതൽ പത്തുവരെയാണ് സമ്മേളനം നടന്നത്. ആദ്യദിവസം വൈകീട്ട് ഔപചാരിക ഉദ്ഘാടനം ചെയ്യാൻ എത്തേണ്ടിയിരുന്ന സംസ്ഥാന ഗവർണ്ണരും ആരോഗ്യ മന്ത്രിയും വരാതിരുന്നതുകൊണ്ട് പോലീസ് പടയോ കെട്ടുകാഴ്ചകളോ ഉണ്ടായിരുന്നില്ല. ചടങ്ങിന്  ഒരു പുതുമ രുചിച്ചു. ഉദ്ഘാടകൻ വേദിയിൽ ഇരുന്നിടത്ത് തന്നെയിരുന്ന് മുമ്പിൽ മേശപ്പുറത്തുണ്ടായിരുന്ന ഒരു സ്വിച്ച് അമർത്തിയപ്പോൾ ദീപം തെളിഞ്ഞു. ദീപമല്ല, ഒരു ദീപസ്തംഭം തന്നെ. സാക്ഷാൽ കെടാവിളക്ക്. എണ്ണ വേണ്ട. തിരിയില്ല.

പുകയില്ല, കരിയില്ല, കാറ്റിന് ഊതി കെടുത്താനും പറ്റില്ല. ഇവിടെയും ഈ രീതി വന്നാൽ വിളക്കുകൊളുത്തൽ / കൊളുത്താതിരിക്കൽ വിവാദം ഒഴിവാക്കാമായിരുന്നു. ശ്രീ ശങ്കര സെന്ററിലെ വ്യത്യസ്ത കഴിവുകളുള്ള കുട്ടികളുടെ വിവിധനൃത്തരൂപങ്ങളും രണ്ട് ഡോക്ടർമാരുടെ (മലയാളികളായ ഡോ.നന്ദിനിയും ഡോ. ശോഭനയും) ഭരതനാട്യവും ചടങ്ങിന് നിറം കൊടുത്തു.

എന്നിരുന്നാലും ആഘോഷം സമം മദ്യപാനം എന്ന സമവാക്യം ഡോക്ടർമാരെങ്കിലും - പ്രത്യേകിച്ച് സാന്ത്വന ചികിത്സാ രംഗത്തുള്ളവർ - തിരുത്തേണ്ടതാണ് എന്ന് തോന്നി.

സാന്ത്വന ചികിത്സാരംഗം നേരിടുന്ന വെല്ലുവിളികൾ എന്നതായിരുന്നു ഈ കൊല്ലത്തെ സമ്മേളത്തിന്റെ വിഷയം. ബഹുഭാഷാ സംസ്കാര മതവിശ്വാസങ്ങളുള്ള ജനങ്ങളുടെ ഇന്ത്യയിൽ ഇത് എങ്ങനെയാണ് വിവിധ തരത്തിലും തലത്തിലും വ്യവഹാരം നടത്തുന്നതെന്ന് വിശകലനം ചെയ്യുന്നതായിരുന്നു മൂന്നുവേദികളിലായി നടന്ന വിഷയാവതരണങ്ങളും ചർച്ചകളും. സംഘടനാപരമായി, ഘടനാപരമായി, വൈദ്യശാസ്ത്ര വിദ്യാഭ്യാസത്തിന്റെ കരിക്കുലവും പാ ഠ്യപദ്ധതികളുമായി ബന്ധപ്പെട്ട്, ശുശ്രൂഷാരംഗത്തെ ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റു സന്നദ്ധപ്രവർത്തകരുടേയും രോഗീപരിചാരകരുടേയും മേഖലകളിൽ, പുതിയ രീതികൾ അവലംബിക്കേണ്ടതിനെക്കുറിച്ച്, സാമ്പത്തിക സ്രോതസ്സുകളും ചെലവുകളും സംബന്ധിച്ച് സർക്കാരുകളുടെ പങ്കിനെപ്പറ്റി സമൂഹവും സാന്ത്വനചികിത്സാരംഗവും തമ്മിൽ നിശ്ചയമായും ഉണ്ടായിരിക്കേണ്ട കൊള്ളൽ കൊടുക്കലുകളെക്കുറിച്ച് ആഗോളതലത്തിൽ സാന്ത്വന ചികിത്സാരംഗത്തെ ചിന്തകളും പ്രവർത്തനങ്ങളും പുതുകണ്ടെത്തലുകളും കൈമാറുവാനുള്ള ഇ - ഹോസ്പീസ് സംവിധാനത്തെക്കുറിച്ച് ...
അങ്ങനെ വിവിധങ്ങളായിരുന്നു ചർച്ചകൾ.

സാന്ത്വന ചികിത്സാരംഗത്തെ പ്രബുദ്ധകേരള മാതൃകയാണ് - അയൽക്കൂട്ടകണ്ണികളും താഴെത്തട്ടിൽ നിന്ന് മേലോട്ട് പടരുന്ന പ്രവർത്തനരീതികളും - ഏറ്റവുമധികം പ്രശംസിയ്ക്കപ്പെട്ടു കേട്ടത്. ഇന്ത്യയിൽ പ്രവർത്തിയ്ക്കുന്ന മൊത്തം മുന്നൂറോളം കേന്ദ്രങ്ങളിൽ ഇരുനൂറിലധികം കേരളത്തിലാണെന്നതും. ദേശീയതലത്തിൽ ആവശ്യമുള്ളവർക്ക് ഒന്നു മുതൽ രണ്ടു ശതമാനം വരെ മാത്രമാണ് സാന്ത്വനചികിത്സ കിട്ടുന്നതെങ്കിൽ കേരളത്തിൽ ഇത് അറുപത് ശതമാനത്തിൽ അധികമാണെന്നതും പലരും സർവ്വേകളിൽ പ്രത്യേകം പരാമർശിച്ചു. രാഷ്ട്രീയ പാർട്ടികളുടെ തലത്തിൽ പോലും ഇത് നടക്കുന്നു എന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവർക്ക് അവിശ്വസനീയമായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്നതിൽ വൈമുഖ്യവും ഉദാസീനതയും ഉണ്ടാകുന്നു എന്നത് പോരായ്മയായി കാണേണ്ടിയിരിക്കുന്നു.

പാടേ വ്യത്യസ്തമായ സാമൂഹ്യ സാംസ്കാരിക സമൂഹങ്ങളുള്ള ഇന്ത്യയിലെ ഒരു സംസ്ഥാനത്തിലേയൊ പ്രദേശത്തെയോ പ്രവർത്തന രീതികളെ മറ്റൊരു സ്ഥലത്തേതുമായി താരതമ്യം ചെയ്യുക വയ്യ. ഇന്ത്യയിലെ ഇരുപത്തിയെട്ടാമത്തെ സംസ്ഥാനമായി 1999 ൽ രൂപീകൃതമായ ഝാർഖണ്ടിൽ നിന്ന് എത്തിയ ഡോ. അഭിജിത്ത് അവരുടെ രാഷ്ട്രീയ സാംസ്കാരിക ഭൂമിക വരച്ചു കാണിച്ചുകൊണ്ടാണ് വിഷയം അവതരിപ്പിച്ചത്. പത്ത് കൊല്ലത്തിനിടെ പതിമൂന്ന് തവണ സർക്കാരുകൾ മാറിയ ഇന്നും കോഴിപ്പോര് അംഗീകരിയ്ക്കപ്പെട്ട വിനോദമായ ദുർഘടമായ ഭൂപ്രദേശങ്ങളിൽ യാത്രാസൗകര്യങ്ങൾ വളരെ പരിമിതമായ ചികിത്സാരംഗത്ത് സ്ത്രീകളുടെ സേവനങ്ങൾ ഇന്നും പൂർണ്ണമനസ്സോടെ അംഗീകരിയ്ക്കപ്പെടാത്ത ഒരു സമൂഹം. അവിടെ സാന്ത്വനചികിത്സാ രംഗത്തുള്ളവരുടെ പ്രവർത്തനങ്ങൾ ഡോ. ഷൈറ്റ്സറുടെ ആഫ്രിക്കൻ ദിനങ്ങളെ ഓർമ്മിപ്പിച്ചു. സാമ്പത്തികവും അല്ലാത്തതുമായ പലതര പരാധീനതകൾ കൊണ്ട് അന്നന്ന് അവിടന്ന് ലഭ്യമായ വിഭവങ്ങൾകൊണ്ട് - വാഴയില, ഉപ്പ്, മഞ്ഞൾപ്പൊടി, മുളകൊണ്ടുള്ള മഞ്ചൽ, മരം കൊണ്ടുള്ള നടപ്പുസഹായികൾ മുതലായവ - അവർ സാന്ത്വനചികിത്സ നടത്തുന്നു.

നഗര കേന്ദ്രീകൃതമായി നടക്കുന്ന സാന്ത്വന ചികിത്സാ മേഖലകളിൽ നൂതനമായ ചികിത്സാരീതികളും പുനരധിവാസപ്രവർത്തനങ്ങളും നടപ്പിലാക്കപ്പെടുന്നുണ്ട്. വേദന ചികിത്സാ രംഗത്ത് പ്രവീണയായ ഡോ. ലക്ഷ്മിവാസ് പരിചയപ്പെടുത്തിയ ഡ്രൈ നീഡ്ലിംഗ് ടെക്നിക്ക് കേരളത്തിൽ പ്രയോഗത്തിൽ എത്തിയിട്ടില്ലെന്ന് തോന്നി. സ്ലൈഡ് കണ്ടപ്പോൾ ഏതാണ്ട് അക്യുപങ്ചറിംഗ് പോലെ തോന്നിച്ചുവെങ്കിലും അതല്ലെന്നാണ് ഡോക്ടർ വിശദീകരിച്ചത്. നനുത്ത സൂചിമുനകൾ ഉപയോഗിച്ച് മാംസപേശികളെ പഞ്ചറിംഗ് ചെയ്യുന്ന ഈ രീതി ശാസ്ത്രക്രിയകൾക്കുശേഷം രൂപപ്പെടുന്ന നീർക്കെട്ടുകൾ അഴിയ്ക്കാനും വേദനകളകറ്റാനും ഏറ്റവും അനുയോജ്യം ആണത്രെ.

സാന്ത്വനചികിത്സാരംഗത്ത് ആഗോളതലത്തിൽ വാർത്തകളും കണ്ടെത്തലുകളും പുതിയ ചിന്തകളും വിചാരങ്ങളും പ്രചോദനങ്ങളും അനുഭവങ്ങളും കൈമാറേണ്ടത് അനിവാര്യമാണ്. ഇവ പ്രസിദ്ധീകരിയ്ക്കാനുള്ള ഇ-മെയിൽ മേൽവിലാസം :
nio.palliative.india@gmail.com

അവസാനദിവസത്തെ അവസാന ചടങ്ങ് ഐ. എ.പി.സി ജനറൽ ബോഡി യോഗമാണ്. അടുത്ത വരഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെ വെളുത്ത പുക കാത്ത് പുറത്തിരിയ്ക്കെ, നിംഹാൻസ് കാംപസ് ഒന്നു നടന്നുകാണമെന്നു തോന്നി. കഴിഞ്ഞില്ല. പലപല ഭാഷകളിൽ കലപില കൂട്ടി തിരിച്ചുപോകുന്ന തിരക്കിലായിരുന്നു. എല്ലാവരും. അങ്ങനെ അടുത്ത അന്യോന്യത്തിന് ഒഡീഷയിൽ കാണാമെന്ന് ഞങ്ങൾ ഉപചാരം ചൊല്ലി പിരിഞ്ഞു. അന്ന് വൈകീട്ട് താമസ സ്ഥലത്തുനിന്ന് റെയിൽവെ സ്റ്റേഷനിലേയ്ക്ക് നിംഹാൻസിനു മുമ്പിലുള്ള റോഡിലൂടെ ബസ്സിൽ പോകുമ്പോൾ ഒന്നു കൂടി അങ്ങോട്ട് എത്തി നോക്കി. ആളും ആരവുമൊഴിഞ്ഞ കൺവെൻഷൻ സെന്റർ വിജനനിശബ്ദതയിൽ, ധ്യാനത്തിൽ. ഞങ്ങൾ വീണ്ടും രാവണ്ടിയിൽ, നാട്ടിലേയ്ക്ക്.




# ഒരു കണ്ണ് കാഴ്ചക്കും മറുകണ്ണ് സാന്ത്വനത്തിനും

റംസീന, ഉമ, ജിംഷിദ, കൃഷ്ണപ്രിയ
പ്രജ്യോതി നികേതൻ കോളേജ്, പുതുക്കാട്

പരിചരിക്കപ്പെടുക എന്നത് മാനുഷികവും ജനാധിപത്യപരവുമായ രോഗിയുടെ അവകാശമാണ്. ഏതൊരു നീതി നിഷേധത്തേയും പോലെത്തന്നെയാണ് ഒരു രോഗിക്ക് പരിചരണവും സാന്ത്വനവും നിഷേധിക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യബോധത്തോടെ തന്നെയാണ് എട്ടാമത് മഴവിൽമേളക്ക് ***പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി*** എത്തിയിരിക്കുന്നത്.

മാരക രോഗങ്ങളുടെ പിടിയിലമർന്ന് ഇനി എന്ത് എന്ന ചോദ്യത്തിനുമുന്നിൽ പകച്ചുനിൽക്കുന്ന രോഗികൾക്ക് സാന്ത്വനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് *പാലിയേറ്റീവ് കെയർ സൊസൈറ്റി* സ്ഥാപിക്കപ്പെട്ടത്. നിർഭാഗ്യരായ മനുഷ്യരെ പ്രകൃതി ജീവിക്കാൻ അനുവദിക്കുന്നിടത്തോളമെങ്കിലും സന്തോഷകരമായ ജീവിതം നയിക്കുന്നതിനു വേണ്ടിയുള്ള വഴികൾ കണ്ടെത്തുകയും സഹായം നൽകുകയും അവരുടെ വേദനയിൽ സാന്ത്വനം ഏകുകയും എന്നതാണ് സൊസൈറ്റിയുടെ പ്രധാന ധർമ്മം. രോഗം ഒരു കുറ്റമല്ല, അവസ്ഥയാണ് എന്ന സന്ദേശമാണ് ഇവർ സമൂഹത്തിന് കൈമാറുന്നത്.

*തൃശൂരിൽ നടന്ന വിബ്ജിയോർ ചലച്ചിത്ര മേളയുടെ കൈപ്പുസ്തകത്തിൽ നിന്ന്...*

# 2012 ഏപ്രിൽ ഒന്ന് മുതൽ 2013 മാർച്ച് മുപ്പത്തി ഒന്ന് വരെയുള്ള
# വാർഷിക പ്രവർത്തന റിപ്പോർട്ട്

| | |
|---|---|
| 1. ഒ.പി.യിൽ പുതിയതായി രജിസ്റ്റർ ചെയ്ത രോഗികൾ | : 1321 |
| 2. കിടത്തി ചികിത്സാ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തവർ | : 709 |
| അവരിൽ മരണപ്പെട്ടവർ | : 91 |
| 3. രജിസ്ട്രർ ചെയ്ത വൃക്ക രോഗികൾ | : 108 |
| 4. ഫിസിയോതെറാപ്പി യൂണിറ്റിൽ ചികിത്സ തേടുന്നവർ | : 80 |
| ചികിത്സ പരിചരണത്തിനെത്തിയ ആകെ രോഗികൾ | : 14512 |
| 6. സംഭാവനയായി കിട്ടിയ തുക | **: 93.85 ലക്ഷം രൂപ** |
| 7. ട്രെയിനിങ്ങ് വരവ് | : 04.99 ലക്ഷം രൂപ |
| 8. പലിശ, മെമ്പർഷിപ്പ്, മറ്റു വരവുകൾ | : 0.48 ലക്ഷം രൂപ |
| ആകെ | : 99.32 ലക്ഷം രൂപ |

രോഗീപരിചരണവുമായി നേരിട്ട് ബന്ധപ്പെട്ട ചെലവുകൾ:

(ഓഡിറ്റിന് വിധേയം)

| | |
|---|---|
| മരുന്നുകൾ | : 15.97 ലക്ഷം രൂപ |
| മോർഫീൻ | : 2.56 ലക്ഷം രൂപ |
| രോഗികൾക്ക് ഭക്ഷണം, നിർധനർക്ക് അരി (ഹ .ജഭക്ഷണം അടക്കം) | : 4.76 ലക്ഷം രൂപ |
| ഗൃഹ പരിചരണം (ഇന്ധനം, മറ്റ് ചെലവുകൾ) | : 2.33 ലക്ഷം രൂപ |
| നിർധനരായ രോഗികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം | : 0.86 ലക്ഷം രൂപ |
| വൃക്ക രോഗികൾക്ക് മരുന്ന് | : 23.53 ലക്ഷം രൂപ |
| പുനരധിവാസം | : 2.20 ലക്ഷം രൂപ |
| ട്രെയിനിങ്ങ് ചെലവ് | : 3.77 ലക്ഷം രൂപ |
| മെയിന്റനൻസ് | : 1.90 ലക്ഷം രൂപ |
| ശമ്പളം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവ | : 19.72 ലക്ഷം രൂപ |
| പ്രിന്റിങ്ങ് & സ്റ്റേഷനറി | - 1.50 ലക്ഷം രൂപ |
| പോസ്റ്റേജ് | - 0.18 ലക്ഷം രൂപ |
| കൂലി | - 4.08 ലക്ഷം രൂപ |
| മീറ്റിങ്ങ്, യാത്ര | - 0.69 ലക്ഷം രൂപ |
| പലവക | - 1.35 ലക്ഷം രൂപ |
| മൊത്തം ചെലവ് | - 85.41 ലക്ഷം രൂപ |

രോഗികൾക്ക് നല്കിയ മെഡിക്കൽ ഉപകരണങ്ങൾ

| | |
|---|---|
| (1) വാട്ടർ ബെഡ് | : 81 |
| (2) ക്രച്ചസ്സ് / വാക്കർ | : 2 |
| (3) വീൽ ചെയർ | : 11 |
| (4) ചെയർ കമ്മോഡ്/ ബാക്ക് റസ്റ്റ് | : 3 |
| (5) ട്രിപ്പോഡ് | : 2 |
| (6) എയർബെഡ് | : 8 |
| (7) സ്റ്റേഷനറി സൈക്കിൾ ഫോർ എക്സെർസൈസ് | : 1 |
| (8) ബെഡ്പാൻ | : 1 |

പരിശീലനം

| | |
|---|---|
| (1) ബി.സി.സി.പി.എം | : 6 ബാച്ച് (24) |
| (2) ബി.സി.സി.പി.എൻ | : 5 ബാച്ച് (20) |
| (3) ബി.സി.സി.പി.എ.എൻ. | : 4 ബാച്ച് (25) |
| (4)സന്നദ്ധ പ്രവർത്തകരുടെ പരിശീലനം | : 6 ബാച്ച് (81) |

ഗൃഹപരിചരണം

1715 വീടുകളിൽ പോയി രോഗികൾക്ക് പരിചരണം നല്കി.

സ്റ്റാഫ്

| | |
|---|---|
| ഓഫീസ് / ഡ്രൈവർ | - 9 |
| മെഡിക്കൽ ഓഫീസർ | - 1 |
| നഴ്സിങ്ങ് സ്റ്റാഫ് | - 8 |

സന്നദ്ധ പ്രവർത്തകർ

| | |
|---|---|
| ഡോക്ടർമാർ | : 13 |
| നഴ്സുമാർ | : 6 |
| സന്നദ്ധ പ്രവർത്തകർ | : 40 |

ലൈബ്രറി

| | |
|---|---|
| (1) മെഡിക്കൽ ബുക്സ് | : 156 |
| (2) ജനറൽ ലൈബ്രറി | : 1095 |

വാഹനങ്ങൾ

| | |
|---|---|
| ക്വാളിസ് (ഗൃഹപരിചരണം) | : 1 |
| ബോലിറോ (ഗൃഹപരിചരണം) | : 1 |
| ആംബുലൻസ് | : 1 - ഓമ്നി വാൻ |
| ജനറേറ്റർ | : 1 |
| ബയോഗ്യാസ് പ്ളാന്റ് | : 1 |
| ലിഫ്ട് | : 1 |
| ഇൻസിനറേറ്റർ | : 1 |

പുനരധിവാസം

| | |
|---|---|
| തുന്നൽ പരിശീലനം നേടിയവർ | : 7 |
| തുന്നൽ യന്ത്രം നല്കിയത് | : 5 |
| ഇവർക്ക് ആകെ ലഭിച്ച ആദായം | : 14463/- രൂപ |
| സ്ക്രീൻ പ്രിന്റിങ്ങ് പരിശീലനം നേടിയവർ | : 1 |
| ഇവർക്ക് കിട്ടിയ വരുമാനം | : 2556/- രൂപ |
| സോപ്പ് നിർമ്മാണം പരിശീലനം നേടിയവർ | : 6 |
| ഇവരിൽ ഇപ്പോൾ ചെയ്യുന്നവർ | : 3 |
| കംപ്യൂട്ടർ നല്കിയത് | : 2 |
| മോട്ടൊറൈസ്ഡ് വീൽചെയർ | :1 |

പ്രധാനനാൾ വഴികൾ

1. 30/05/12, 22/08/12, 26/10/12, 08/01/13 - നട്ടെല്ലിന് ക്ഷതം പറ്റിയ രോഗികളുടെ സ്നേഹസംഗമം
2. രോഗികളുടെ സ്നേഹസംഗമം - 09/10/12 - അഡ്വ: തേറമ്പിൽ രാമകൃഷ്ണൻ എം. എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. ദാസൻ പങ്കെടുത്തു.
3. കേരള സ്റ്റെയിറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ (തൃശ്ശൂർ) - കേരളത്തിലെ സർക്കാർ ഡോക്ടർ - നഴ്സു മാർക്ക് പരിശീലനം - 11/12/12 - 22/12/12
4. 15/1/12 - സാന്ത്വനപരിചരണ ദിനം
5. പൂരം പ്രദർശനം - 16/04/12 - 23/05/12
6. സൊസൈറ്റിയുടെ 15-ാം വാർഷികം - 18/11/12

01/04/2013 സെക്രട്ടറി
തൃശ്ശൂർ **കെ.പി.അച്ചുതൻ**

# MAKE A GIFT TODAY

If your life has been touched by cancer, you know the hurt it causes, physically, financially, emotionally. Join the fight against cancer.

Your gift is a big help in the battle against cancer in your community. You have a choice on how to make that gift, either as a onetime donation or by pledge to make regular, repeated donations throughout the year. Your gift can be earmarked to honour special occasions in your loved one's- birthdays, anniversaries or to honour the memory of someone who was lost to cancer.

To make a donation use the following slip.

From

Address : ..................................................................

..........................................................................

..........................................................................

sum of Rs............................ (Rupees........................................................ only)

by cash/cheque/DD No ....................................................... in favour of pain and

palliative care Society, Thrissur dated................................

Please send to :

The Secretary
**Pain and Palliative Care Society**
Old District Hospital Building
Thrissur - 680 001

Donation to the society are exempted from Income Tax under Section

Printed and Published by Pain and Palliyative Care Society, Thrissur
Printed at Vega Printers, Mathilakam-680 685, Editor: Dr. Kumudam Unni